ദേശാഭിമാനി

2023 മെയ് 13 ശനി | 1198 മേടം 29 | 1444 ശവ്വാൽ 22

ഡയലോഗ്

”പ്രധാനമന്ത്രിയുടെ മൻകി ബാത്ത് കേൾക്കാത്തതിന് ഹരിയാനയിലെ നഴ്സിങ് വിദ്യാർഥികളെ ഒരാഴ്ചത്തേക്ക് ഹോസ്റ്റലിൽനിന്ന് പുറത്തുപോകരുതെന്ന് അധികൃതർ വിലക്കി. ഞാനും ഒരിക്കലും കേട്ടിട്ടില്ല. എന്നെയും ഒരാഴ്ചത്തേക്ക് വീട്ടിൽനിന്ന് പുറത്തിറങ്ങാതെ വിലക്കുമോ

മൊഹുവ മൊയ്ത്ര
എംപി

ചരിത്രത്തിൽ ഇന്ന്

13

1916	എൻ വി കൃഷ്ണവാര്യർ ജനിച്ചു
1952	ഇന്ത്യൻ പാർലമെന്റിന്റെ ആദ്യ സമ്മേളനം
1955	മലയാള ചിത്രം ന്യൂസ് പേപ്പർബോയ് റിലീസായി
1967	ഡോ. സക്കീർ ഹുസൈൻ ഇന്ത്യയുടെ 3–ാമത്തെ രാഷ്ട്രപതിയായി
1981	ജോൺപോൾ രണ്ടാമൻ മാർപാപ്പയ്ക്കെതിരെ വധശ്രമം
2001	എഴുത്തുകാരൻ ആർ കെ നാരായൺ അന്തരിച്ചു

മോദി സർക്കാരിന് ഇരട്ട പ്രഹരം

ജനാധിപത്യതത്വങ്ങൾ പരിഗണിക്കാത്ത രാഷ്ട്രീയ ഭിക്ഷാടകരെയും ‘ആയാറാം ഗയാറാം’ കാലുമാറ്റക്കാരെയും ആർഎസ്എസ് കർസേവകരെയും ഗവർണർമാരായി അവരോധിച്ച് പ്രതിപക്ഷ പാർടികൾക്ക് മേധാവിത്വമുള്ള സംസ്ഥാനങ്ങളിൽ ഭരണസ്തംഭനത്തിനുള്ള മോദി സർക്കാരിന്റെ ശ്രമങ്ങൾക്ക് പരമോന്നത നീതിപീഠത്തിൽനിന്ന് ഇരട്ടപ്രഹരം. മഹാരാഷ്ട്രയിലെ അട്ടിമറിയും ഡൽഹിയിലെ അധികാര നിർവചനവും മുൻനിർത്തി സുപ്രീംകോടതി താക്കീതിന്റെ സ്വരത്തിലാണ് വ്യാഴാഴ്ച പ്രതികരിച്ചത്. ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള ശിവസേന സർക്കാരിനെ വീഴ്ത്തിയ ഗവർണറുടെയും സ്പീക്കറുടെയും നടപടി നിയമപരമായി തെറ്റാണെന്നും പച്ചയായ രാഷ്ട്രീയം കളിച്ചെന്നും കോടതി നിരീക്ഷിച്ചു. ക്രമസമാധാനം, പൊലീസ്, ഭൂമി ഒഴികെയുള്ള രംഗങ്ങളിൽ നിയമനിർമാണ, ഭരണനിർവഹണ അധികാരങ്ങൾ ഡൽഹി സർക്കാരിനാണെന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഭരണഘടനാ ബെഞ്ച് ഉത്തരവിട്ടു. ഭരണപരമായ അധികാരങ്ങൾ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിൽനിന്ന് കവരരുതെന്നും കൂട്ടിച്ചേർത്തു.

ഉദ്ധവ് സർക്കാരിനോട് വിശ്വാസവോട്ട് തേടാൻ ഗവർണർ ഭഗത്സിങ് കോഷ്യാരി നിർദേശിച്ചതും സ്പീക്കർ, ഏക്നാഥ് ഷിൻഡെ അനുകൂലിയായ ഭരത് ഗോഗാവാലയ്ക്ക് ചീഫ് വിപ്പ് പദവി അനുവദിച്ചതും തെറ്റാണെന്ന് ഭരണഘടനാ ബെഞ്ച് വിധിച്ചു. ഗവർണറുടെയോ സ്പീക്കറുടെയോ നിയമവിരുദ്ധത അംഗീകരിക്കാനാകില്ലെന്ന സന്ദേശമാണ് അഞ്ചംഗബെഞ്ച് നൽകിയത്. കൂടുതൽ സാമാജികർ ഒപ്പമാണെന്ന് അവകാശപ്പെട്ടാണ് ഷിൻഡെ വിഭാഗം ചീഫ് വിപ്പിനെയും നിയമസഭാ കക്ഷി നേതാവിനെയും നിയോഗിച്ചത്. പക്ഷേ, രാഷ്ട്രീയ പാർടികൾക്കാണ് രണ്ടു സ്ഥാനവും തെരഞ്ഞെടുക്കാൻ അധികാരം. ലെജിസ്ലേച്ചർ പാർടിക്കല്ലെന്നും ചീഫ് ജസ്റ്റിസ് സൂചിപ്പിച്ചു. അമിത ധൃതിയിൽ വിശ്വാസവോട്ട് നിർദേശിച്ചതിലൂടെ ഗവർണർ രാഷ്ട്രീയ ഇടപെടൽ നടത്തി. സർക്കാരിന് ഭൂരിപക്ഷം നഷ്ടമായെന്ന ഒരു തെളിവും അദ്ദേഹത്തിന്റെ മുന്നിലുണ്ടായിരുന്നില്ല. പാർടിക്കുള്ളിലെയോ പുറത്തെയോ തർക്കങ്ങളിൽ ഗവർണർമാർ ഇടപെടേണ്ടതില്ല. മന്ത്രിസഭയുടെ ഉപദേശ, നിർദേശങ്ങൾ പ്രകാരമാണ് പ്രവർത്തിക്കേണ്ടത്. അസാധാരണ സാഹചര്യങ്ങളിലേ സ്വന്തംനിലയ്ക്ക് പ്രവർത്തിക്കാവൂവെന്നും ചൂണ്ടിക്കാട്ടി. ഉദ്ധവ് സ്ഥാനം രാജിവച്ചതിനാൽ ആ സർക്കാരിനെ പുനഃസ്ഥാപിക്കാൻ കഴിയില്ലെന്നും അഭിപ്രായപ്പെട്ടു. ഷിൻഡെ കടിച്ചുതൂങ്ങുന്നത് അധാർമികമാണെന്നാണ് സൂചന.

> **ഉദ്ധവ് സർക്കാരിനോട് വിശ്വാസവോട്ട് തേടാൻ ഗവർണർ ഭഗത്സിങ് കോഷ്യാരി നിർദേശിച്ചതും സ്പീക്കർ, ഏക്നാഥ് ഷിൻഡെ അനുകൂലിയായ ഭരത് ഗോഗാവാലയ്ക്ക് ചീഫ്വിപ്പ് പദവി അനുവദിച്ചതും തെറ്റാണെന്ന് ഭരണഘടനാ ബെഞ്ച് വിധിച്ചു. ഗവർണറുടെയോ സ്പീക്കറുടെയോ നിയമവിരുദ്ധത അംഗീകരിക്കാനാകില്ലെന്ന സന്ദേശമാണ് അഞ്ചംഗബെഞ്ച് നൽകിയത്. കൂടുതൽ സാമാജികർ ഒപ്പമാണെന്ന് അവകാശപ്പെട്ടാണ് ഷിൻഡെ വിഭാഗം ചീഫ് വിപ്പിനെയും നിയമസഭാ കക്ഷി നേതാവിനെയും നിയോഗിച്ചത്. പക്ഷേ, രാഷ്ട്രീയ പാർടികൾക്കാണ് രണ്ടു സ്ഥാനവും തെരഞ്ഞെടുക്കാൻ അധികാരം**

മുഖപ്രസംഗം കേൾക്കാൻ
ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

കേന്ദ്രത്തിന്റെ ഉപകരണമായി ഡൽഹി വിഷയങ്ങളിൽ കൈകടത്തുന്ന ലെഫ്. ഗവർണറുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുന്നതാണ് സുപ്രീംകോടതി ഉത്തരവ്. ലെഫ്. ഗവർണർ മന്ത്രിസഭയുടെ ഉപദേശങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. അധികാരപ്രയോഗത്തിൽ അതീവ ജാഗ്രത പാലിക്കണം. സഭയുടെ അധികാരപരിധിക്ക് വെളിയിലുള്ള വിഷയങ്ങളിലേ ഇടപെടാവൂ. അതല്ലെങ്കിൽ, തെരഞ്ഞെടുത്ത സർക്കാർ അപ്രസക്തമാകും. ഐഎഎസുകാരുടെ നിയന്ത്രണത്തിനും അധികാരം സർക്കാരിനാണ്. ഉദ്യോഗസ്ഥർ മന്ത്രിമാർക്ക് മറുപടി നൽകുന്ന നിലയാണ് അഭികാമ്യമെന്നും ഭരണഘടനാ ബെഞ്ച് പറഞ്ഞു. ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ, സ്ഥലംമാറ്റം തുടങ്ങിയവയിൽ ആർക്കാണ് അധികാരമെന്നതിൽ സർക്കാരും ലെഫ്. ഗവർണറും വാഗ്വാദം നിലനിന്നിരുന്നു. 2019 ഫെബ്രുവരിയിൽ പ്രശ്നം കോടതിയിലെത്തി. ജോയിന്റ് സെക്രട്ടറി റാങ്കിലേക്കും മുകളിലേക്കുമുള്ള നിയമനാധികാരം ലെഫ്. ഗവർണർക്കാണെന്ന് ജസ്റ്റിസ് എ കെ സിക്രിയും ഉദ്യോഗസ്ഥ നിയമനം ഡൽഹി സർക്കാരിന്റെ അധികാരപരിധിക്കു പുറത്തുള്ള വിഷയമാണെന്ന് ജസ്റ്റിസ് അശോക് ഭൂഷണും വിധിച്ചു. ഭിന്നതയുടെ സാഹചര്യത്തിൽ വിഷയം മൂന്നംഗ ബെഞ്ചിനും പിന്നീട് അഞ്ചംഗ ബെഞ്ചിനും വിട്ടു. സമവർത്തി പട്ടികയിലെ വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്കോ കേന്ദ്രഭരണ പ്രദേശങ്ങൾക്കോ നിയമനിർമാണം നടത്താമെങ്കിലും നിലവിലുള്ള കേന്ദ്രനിയമങ്ങൾക്ക് വിധേയമായിട്ടാകണമെന്ന് പരാമർശിച്ച ഭരണഘടനാ ബെഞ്ച് എന്നാൽ, സംസ്ഥാനഭരണം കേന്ദ്രം ഏറ്റെടുക്കുന്ന അവസ്ഥ ഉണ്ടാകരുതെന്നും വ്യക്തമാക്കി. പുതിയ വിധിയിലൂടെ അക്കാര്യം വീണ്ടും ഊന്നിപ്പറഞ്ഞു. അതുപോലെ സംഘപരിവാറിന്റെ കൈക്കാരനായി പ്രവർത്തിക്കുന്ന കേരള ഗവർണർ ആരിഫ് മൊഹമ്മദ് ഖാനെപ്പോലുള്ളവർക്കുള്ള കനത്ത തിരിച്ചടിയുമാണിത്.

കേരളത്തിന്റെ ജൂലിയസ് ഫ്യൂച്ചിക്

മൊയ്യാരത്ത് ശങ്കരന്റെ രക്തസാക്ഷിത്വത്തിന് ഇന്ന് 75 വർഷം

കവിയൂർ രാജഗോപാലൻ

കേരളത്തിന്റെ ജൂലിയസ് ഫ്യൂച്ചിക് ആയിരുന്നു മൊയ്യാരത്ത് ശങ്കരൻ. ചെക്കോസ്ലോവാക്യയിലെ കമ്യൂണിസ്റ്റ് നേതാവ്, പത്രാധിപർ, നിരൂപകൻ, കിടയറ്റ പ്രാസംഗികൻ എന്നീ നിലകളിൽ പ്രശസ്തനായ ജൂലിയസ് ഫ്യൂച്ചിക് 1943ൽ ജർമൻ ഫാസിസ്റ്റ് ഗസ്റ്റപ്പോവിന്റെ കരാളഹസ്തങ്ങളിൽ ഞെരിഞ്ഞമർന്നു. ‘സഖാക്കളേ, കരുതിയിരിക്കുക” എന്നായിരുന്നു കൊലമരത്തിൽനിന്നുള്ള അദ്ദേഹത്തിന്റെ അവസാന വാക്കുകൾ. ‘ബ്രിട്ടീഷ് ഭരണത്തെ നശിപ്പിക്കണം. അത് കഴിഞ്ഞില്ലെങ്കിൽ സ്വയം നശിച്ച് മറ്റുള്ളവർക്ക് മാതൃകയാകണം. ഇതാണെന്റെ ജീവിതത്തിലെ ഒരേയൊരാഗ്രഹം’ – മൊയ്യാരത്ത് ശങ്കരന്റെ ആത്മകഥയിലെ വാക്കുകൾ ഇങ്ങനെയാണ്.

തലശേരിക്കടുത്ത് ചൊക്ലിയിൽ പിറന്ന ശങ്കരൻ കൽക്കത്ത നാഷണൽ മെഡിക്കൽ കോളേജിൽ പഠിക്കാൻ ചേർന്നു. എന്നാൽ, ദേശീയ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങൾ അലയടിച്ചിരുന്ന കൽക്കത്തയിൽനിന്ന് (ഇന്നത്തെ കൊൽക്കത്ത) അദ്ദേഹം വേഗം തിരിച്ചെത്തി കോൺഗ്രസ് നേതൃത്വം ഏറ്റെടുത്തു. 1930ൽ കോഴിക്കോട്ടുനിന്ന് പയ്യന്നൂരിലേക്കു പുറപ്പെട്ട ഉപ്പുസത്യഗ്രഹജാഥയുടെ പൈലറ്റായി. വടകരയിൽ ആരംഭിച്ച ‘കേരള കേസരി’ എന്ന പത്രത്തിന്റെ ഗർജനം യാഥാസ്ഥിതികരെ കിടുകിടെ വിറപ്പിച്ചു. ജയിലറയ്ക്കുള്ളിൽ കഴിയുമ്പോഴും അദ്ദേഹം ബ്രിട്ടീഷ് ദുരാധികാരത്തെ ചോദ്യം ചെയ്യുകൊണ്ടിരുന്നു. പൂർത്തിയാകാത്ത ആത്മകഥ– ‘എന്റെ ജീവിതം’ അവസാനിക്കുന്നത് അത്തരമൊരു ചോദ്യം ചെയ്യലിനിടെയാണ്.

മൊയ്യാരം എഴുതിയ ‘ഇന്ത്യൻ നാഷണൽ കോൺഗ്രസ്’ എന്ന ഗ്രന്ഥം ചരിത്രരചനയ്ക്ക് മാതൃകയാണെന്ന് കേസരി ബാലകൃഷ്ണപിള്ള അവതാരികയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിവേകാനന്ദ സാഹിത്യം മലയാളിക്ക് ആദ്യമായി പരിചയപ്പെടുത്തിയത് മൊയ്യാരമാണ്. അദ്ദേഹത്തിന്റെ ദീർഘകാല പ്രവർത്തന കേന്ദ്രമായ വടകരയിലെ ചില തറവാടുകളെ ബന്ധപ്പെടുത്തി ‘ഒരു പെൺകിടാവിന്റെ തന്റേടം’ എന്ന നോവലെഴുതി. ലാലാ ലജ്പത് റായ്, മോത്തിലാൽ നെഹ്റു, ദേശബന്ധു സി ആർ ദാസ് എന്നിവരുടെ ജീവചരിത്രങ്ങൾ മലയാളികൾക്കുവേണ്ടി തയ്യാറാക്കിയതും ശങ്കരൻതന്നെ! 1921ലെ മലബാർ കലാപം സധൈര്യം നേരിട്ട പശ്ചാത്തലവും ആത്മകഥയിലെ തിളങ്ങുന്ന അധ്യായമായി നിലകൊള്ളുന്നു.

1922ലെ പ്രളയകാലത്ത് വളപട്ടണം പുഴയിൽ തോണിയിറക്കി നിസ്സഹായരായ നൂറുകണക്കിനാളുകൾക്ക് അഭയം നൽകാൻ മൊയ്യാരം മുന്നിട്ടിറങ്ങി. കോൺഗ്രസിൽനിന്ന് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടിയിലും ക്രമേണ കമ്യൂണിസ്റ്റ് പാർടിയിലുമെത്തിയ മൊയ്യാരം, 1939ലെ ചരിത്രപ്രസിദ്ധമായ പിണറായി പാറപ്രം സമ്മേളനത്തിൽ പങ്കെടുത്തു. പ്രസംഗങ്ങളുടെ പേരിൽ ഇക്കാലത്ത് പൊലീസ് അദ്ദേഹത്തെ നിരന്തരം വേട്ടയാടി ജയിലിലടച്ചു.

1948 മെയ് 13ന് മൊയ്യാരത്ത് ശങ്കരൻ രക്തസാക്ഷിയായി. കോൺഗ്രസിന്റെ കിരാത സംഘങ്ങളും പൊലീസും ചേർന്ന് കേരള രാഷ്ട്രീയത്തിലെ ആ തീപ്പന്തത്തെ തച്ചുകെടുത്തുകയായിരുന്നു. മെയ് 11ന് രാത്രി ചെമ്പിലോട് കോയ്യോട്ടെ ഭാര്യവീട്ടിലേക്ക് എടക്കാട് റെയിൽവേ സ്റ്റേഷനിലിറങ്ങി നടന്നുപോകുന്നതിനിടെ ‘ദേശരക്ഷാസേന’യെന്ന കോൺഗ്രസ് കുറുവടിപ്പട വളഞ്ഞുപിടിച്ച് ആണിതറച്ച പട്ടികകൾകൊണ്ടടിച്ച് ജീവച്ഛവമാക്കി പൊലീസിന് കൈമാറി. പൊലീസും ക്രൂരമായി ഭേദ്യം ചെയ്തു. തുടർന്ന്, കണ്ണൂർ സെൻട്രൽ ജയിലിലടച്ചു. അടുത്ത ദിവസം അദ്ദേഹം കണ്ണടച്ചു. മൃതദേഹംപോലും ബന്ധുക്കൾക്ക് വിട്ടുകൊടുക്കാതെ കണ്ണൂർ സെൻട്രൽ ജയിൽ വളപ്പിൽ എവിടെയോ കുഴിച്ചുമൂടി.

ശങ്കരന്റെ രക്തസാക്ഷിത്വം കേരള രാഷ്ട്രീയത്തെ പിടിച്ചുകുലുക്കി. കെ കേളപ്പൻ, കെ എം ദാമോദര മേനോൻ, യു ഗോപാലമേനോൻ തുടങ്ങിയ നേതാക്കൾ അന്വേഷണം ആവശ്യപ്പെട്ടു. മഹാനായ ആ വിപ്ലവകാരിയുടെ മൃതദേഹം വീണ്ടെടുത്ത് പോസ്റ്റ്മോർട്ടം നടത്തി. എന്നാൽ, ഒന്നിനും തെളിവുണ്ടായിരുന്നില്ല. സ്വന്തം പിതാവിനെ തല്ലിക്കൊന്ന ക്രൂരകൃത്യം എന്നാണ് തായാട്ട് ശങ്കരൻ ഈ സംഭവത്തെപ്പറ്റി പറഞ്ഞത്. കേരള രാഷ്ട്രീയത്തിലെ തന്ത്രബന്ധങ്ങൾ അതോടെ കീഴ്മേൽ മറിഞ്ഞു.

കാരാഗൃഹത്തിൽനിന്ന് പെൻസിൽകൊണ്ടെഴുതി പുറത്തെത്തിച്ച ജൂലിയസ് ഫ്യൂച്ചിക്കിന്റെ കുറിപ്പുകൾ തുന്നിച്ചേർത്ത് പിന്നീട് പുസ്തകമാക്കി പ്രസിദ്ധീകരിച്ചു. മൊയ്യാരത്ത് ശങ്കരന്റെ ആത്മകഥയും പൂർത്തിയാക്കാതെ പുറത്തിറങ്ങി. അദ്ദേഹത്തിന്റെ പുസ്തകങ്ങളെല്ലാം കേരളീയർ എക്കാലവും നെഞ്ചോട് ചേർത്തുപിടിക്കും. മൊയ്യാരത്തിന്റെ 75–ാം രക്തസാക്ഷിത്വ വാർഷികദിനത്തിന്റെ വീരസ്മരണകൾ പ്രബുദ്ധ കേരളം എന്നും ഉയർത്തിപ്പിടിക്കും.

(കവിയും മൊയ്യാരത്തിന്റെ ജീവചരിത്രകാരനുമാണ് ലേഖകൻ)

ദൃഢമായ ചുവടുകളോടെ

നവകേരളത്തിലേക്ക്

ഡോ. അനിഷ്യ ജയദേവ്

സംസ്ഥാന സർക്കാരിന്റെ രണ്ടുവർഷത്തെ ഭരണനേട്ടങ്ങൾ സംബന്ധിച്ച സമഗ്രമായ നേർക്കാഴ്ച ഇന്ന് സമൂഹത്തിലേക്ക് നോക്കിയാൽ കാണാവുന്നതാണ്. ഓരോ വകുപ്പിലെയും ജനോപകാരപ്രദമായ പദ്ധതികളും പരിപാടികളും ശ്ലാഘനീയമാണ്. കോവിഡ് ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിക്കുള്ളിൽനിന്നുതന്നെ അഭിമാനകരമായ നേട്ടമാണ് സർക്കാർ കൈവരിച്ചത്. വികസനത്തിനുവേണ്ടി സമഗ്രമായ പ്രവർത്തന പരിപാടികൾ നടന്നു. ദാരിദ്ര്യനിർമാർജനം, പ്രകൃതിസംരക്ഷണം, ആരോഗ്യപരിപാലനം, മാലിന്യസംസ്കരണം, വ്യവസായം തുടങ്ങിയ എല്ലാ മേഖലകളിലും സമൂലമായ മാറ്റം ദൃശ്യമായി. എല്ലാ വിഭാഗത്തിലുംപെട്ട ജനത്തിന്റെയും മെച്ചപ്പെട്ട ജീവിതത്തിനുവേണ്ടി മികച്ച പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചു.

വികസന സൂചികകളിൽ തൃപ്തികരമായ നിലവാരമാണ് കേരളത്തിൽ ഉള്ളതെങ്കിലും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക അവസ്ഥ അത്ര ഭേദമല്ല എന്നത് ഒരു യാഥാർഥ്യമാണ്. അതിനാൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന, ഒപ്പം അവരെ വികസനപാതയിൽ സുസ്ഥിരമായി നടത്തുന്ന അനേകം പദ്ധതികൾ സർക്കാർ ആസൂത്രണംചെയ്തു നടപ്പാക്കി. വനിതാ ശിശുസംരക്ഷണ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കുട്ടികളുടെ നേരെയുള്ള അതിക്രമങ്ങൾ കണ്ടെത്താനും അതിനു പരിഹാരം കാണാനും സജീവമായ ശ്രമങ്ങൾ നടന്നുവരുന്നു. പോക്സോ കേസുകൾ ചരിത്രത്തിൽ ആദ്യമായി അതിവേഗ കോടതികൾ വഴി തീർപ്പാക്കിയെന്നത് നീതിനിർവഹണത്തിലെ നാഴികക്കല്ലായിത്തന്നെ കാണണം. ലൈംഗിക അതിക്രമങ്ങളെ അതിജീവിച്ച സ്ത്രീകളെ സാമൂഹ്യവും സാമ്പത്തികവുമായി ശാക്തീകരിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം, നിയമസഹായം എന്നിവ ലഭ്യമാക്കി. ഗാർഹികപീഡന നിരോധന നിയമം സ്ത്രീധന നിരോധന നിയമം എന്നിവ കൃത്യമായി നടപ്പാക്കാൻവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കി. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാർ നയം സമഗ്രമായ പരിഷ്കരണത്തിന് വിധേയമാക്കി. കോഴിക്കോട് ജില്ലയിലെ ജെൻഡർ പാർക്ക് ദക്ഷിണേഷ്യൻ മേഖലയിൽ ലിംഗസമത്വത്തിനുള്ള മാതൃകാ സംവിധാനമായി വികസിപ്പിക്കാനുള്ള നടപടികളും സജീവമാണ്. സുസ്ഥിരവികസന ലക്ഷ്യങ്ങളിൽ നിർദേശിച്ചിരിക്കുന്ന ലിംഗസമത്വം ഉറപ്പാക്കാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ് എന്നുള്ളതിന്റെ ചില ചവിട്ടുപടികളാണ് മേൽ പരാമർശിക്കപ്പെട്ടവ.

ആരോഗ്യമേഖലയിൽ വളരെയധികം മെച്ചപ്പെടുത്തലുകൾ ഉണ്ടായ ഒരു വർഷമാണ് കഴിഞ്ഞുപോയത്. ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കാനുള്ള ബൃഹത്തായ ഒരു പരിപാടിയിൽ 73 ലക്ഷത്തിലധികം ആളുകളെ കേരളമൊട്ടാകെ സ്ക്രീൻ ചെയ്യാൻ സാധിച്ചു. സംസ്ഥാനത്ത് ഓക്സിജൻ സ്വയംപര്യാപ്ത ഉണ്ടായ വർഷമാണ് 2022. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി നവജാതശിശുവിന്റെ ഹൃദയശസ്ത്രക്രിയക്കു വേണ്ട സൗകര്യങ്ങളുള്ള ഒരു ഹൃദയശസ്ത്രക്രിയ യൂണിറ്റ് സ്ഥാപിച്ചു. അർബുദം സംബന്ധിച്ച ഗവേഷണങ്ങൾക്കായുള്ള നോഡൽ ഏജൻസിയായി മലബാർ ക്യാൻസർ സെന്റർ മാറി. തിരുവനന്തപുരത്തെ റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും നവീനവും സമഗ്രവുമായ പരിശോധന ചികിത്സാ സംവിധാനങ്ങൾ സജ്ജമാക്കി. സംസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും മനുഷ്യവിഭവശേഷി വർധിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പുകളും നടന്നുവരുന്നു.

ഏവരും ഒന്നടങ്കം ആശ്രയിക്കുന്ന ഒരു വകുപ്പാണ് റവന്യു. റവന്യു സേവനങ്ങളെ ഓൺലൈനിൽ ആക്കുന്നതു വഴി ജനത്തിന് ബുദ്ധിമുട്ടില്ലാതെ സേവനങ്ങൾ നേടിയെടുക്കാൻ സാധിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. റവന്യു മിനിസ്റ്റേഴ്സ് സെൽ, ഡിജിറ്റൽ റീസർവേ എന്നിവ പ്രത്യേക പരാമർശം അർഹിക്കുന്നു. ഭൂനികുതി കൊടുക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ നടപ്പാക്കി. ഇവ ജനജീവിതം സുഗമമാക്കുന്നതിൽ മികച്ച പങ്കുവഹിക്കുമെന്നത് നിസ്തർക്കമാണ്.

കോവിഡ് പ്രതിസന്ധിക്കുള്ളിൽനിന്നുതന്നെ അഭിമാനകരമായ നേട്ടമാണ് സർക്കാർ കൈവരിച്ചത്. വികസനത്തിനുവേണ്ടി സമഗ്രമായ പ്രവർത്തന പരിപാടികൾ നടന്നുവരുന്നു. ദാരിദ്ര്യനിർമാർജനം, പ്രകൃതി സംരക്ഷണം, ആരോഗ്യപരിപാലനം, മാലിന്യസംസ്കരണം, വ്യവസായം തുടങ്ങിയ എല്ലാ മേഖലകളിലും സമൂലമായ മാറ്റം ദൃശ്യമായി

ഒരു ജ്ഞാനസമൂഹമായി കേരളത്തെ പരിവർത്തനം ചെയ്യിപ്പിക്കാനുള്ള ശ്രമങ്ങൾ സജീവമാണ്. വിദ്യാഭ്യാസരംഗത്ത്, പൊതുവിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസത്തിലും മികച്ച നേട്ടങ്ങൾ ഉണ്ടാക്കിയ വർഷമാണ് കടന്നുപോയത്. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ സൗകര്യമുണ്ടായി വരുന്നു. ജ്ഞാനസമൂഹ നിർമിതിയിൽ വിദ്യാഭ്യാസം ഒരു വലിയ പങ്കുവഹിക്കുന്നു.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും ട്രാൻസ്ജെൻഡർ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷിവിദ്യാർഥികൾക്ക് വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തി, ശാരീരിക മാനസിക പരിമിതിയുള്ള വിദ്യാർഥികൾക്ക് യുട്യൂബ് ചാനൽ വഴി ക്ലാസുകൾ സംഘടിപ്പിച്ചു. ആയിരത്തിനാനൂറിലേറെ പ്രത്യേക സേവനകേന്ദ്രങ്ങൾ അത്തരം വിദ്യാർഥികൾക്കുവേണ്ടി പൊതുവിദ്യാലയങ്ങളിൽ സ്ഥാപിക്കപ്പെട്ടു. കുട്ടികളിലെ ലഹരി ഉപയോഗം തടയാനുള്ള സമഗ്ര നടപടികളും നടന്നുവരുന്നു. വിദ്യാഭ്യാസരംഗത്തും സമാനതയില്ലാത്ത നേട്ടങ്ങൾ കേരളം കൈവരിക്കുന്നു. പിന്നാക്ക മേഖലയിൽ ഏകദേശം 45,000 ഡിജിറ്റൽ ഉപകരണം വിദ്യാഭ്യാസത്തെ സഹായിക്കുംവിധം സർക്കാർ നൽകി കഴിഞ്ഞു. പരീക്ഷകൾ കൃത്യസമയത്ത് നടപ്പാക്കി.

പാഠ്യപദ്ധതിപരിഷ്കരണം പ്രത്യേകം പരാമർശിക്കേണ്ടതാണ്. ലിംഗ ലൈംഗിക ന്യൂനപക്ഷത്തെ, മറ്റു പിന്നാക്ക വിഭാഗത്തെയൊക്കെ ഉൾപ്പെടുത്തി ബൃഹത്തായ വിദ്യാഭ്യാസ മുന്നേറ്റമാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. അതിലേക്കാണ് പാഠ്യപദ്ധതി പരിഷ്കരണം നടപ്പായത്. കാഴ്ചപരിമിതിയുള്ള കുട്ടികൾക്ക് ‘ശ്രുതി പാഠം’ എന്ന പേരിൽ ഒരു ഓഡിയോ ലൈബ്രറി പഠനസഹായമായി സ്ഥാപിക്കപ്പെട്ടുവെന്നതും അഭിമാനകരമായ ഒരു കാൽവയ്പാണ്.

വികസന വെല്ലുവിളികൾ നേരിടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് സവിശേഷ പരിഗണന നൽകുകയെന്നത് അതിപ്രധാനമാണ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികളെ മുഖ്യധാരാവൽക്കരിക്കുന്നതിന്റെ ഭാഗമായി പോസ്റ്റ്മെട്രിക്, പ്രീമെട്രിക് സ്കോളർഷിപ്പുകൾ നൽകിവരുന്നു. ആഗോളതലത്തിൽ ഏറ്റവും മികച്ച സർവകലാശാലകളിൽ പഠിക്കാൻ പട്ടികജാതി വർഗ വിഭാഗത്തിലെ വിദ്യാർഥികളെ സഹായിക്കുന്ന പദ്ധതിക്കും കഴിഞ്ഞവർഷം തുടക്കം കുറിച്ചു.

കേരളത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ 11 എണ്ണം ഉണ്ട്. പട്ടികജാതി വികസന വകുപ്പിനു കീഴിലാണ് അവ പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് വസ്ത്രം, ഭക്ഷണം, കലാകായിക പരിശീലനം എന്നിവ കൃത്യമായി നൽകുന്നുണ്ട്. കാസർകോട് വെള്ളച്ചാൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കേന്ദ്രസർക്കാരിന്റെ ഫുഡ് ആൻഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റിയുടെ വിലയിരുത്തലിൽ പഞ്ചനക്ഷത്ര പദവിക്ക് അർഹമായി.

19 പട്ടികവർഗ കോളനിക്ക് വൈദ്യുതിയും ഇന്റർനെറ്റ് ലഭ്യതയും ഉറപ്പാക്കി. പട്ടികവർഗ വിദ്യാർഥികൾക്ക് പഠനമുറികൾ വീടിനോടു ചേർന്ന് പണിതു നൽകി. പട്ടികവർഗ വിഭാഗത്തിലുള്ള വ്യക്തികൾക്ക് ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി പ്രത്യേകം ധനം മാറ്റിവയ്ക്കുകയും നൽകുകയും ചെയ്തു. വിവാഹ ധനസഹായം, അച്ഛനമ്മമാർ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം എന്നിവ പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. പട്ടികവർഗ പൈതൃകം നിലനിർത്തുന്നതിലേക്കായി ‘എൻ ഊര്’ പൈതൃക ഗ്രാമം എന്ന പദ്ധതി നടപ്പാക്കി. ഇത്തരത്തിൽ ബഹുമുഖ വികസന പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ വഴി ഒരു നവകേരളം പടുത്തുയർത്തപ്പെടുന്നുവെന്നതും സുസ്ഥിര വികസന സൂചികകൾ നമുക്ക് കരഗതമാകാൻ അധികകാലം വേണ്ടാ എന്നതും ഓരോ മലയാളിയെയും അഭിമാനിതരാക്കുന്നു.

(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക)

ലോകം

തുർക്കിയയിൽ ജനാധിപത്യം പുലരുമോ

വി ബി പരമേശ്വരൻ

യൂറോപ്പിന്റെയും ഏഷ്യയുടെയും പാലമായി അറിയപ്പെടുന്ന തുർക്കിയയിൽ ഞായറാഴ്ച വോട്ടെടുപ്പ് നടക്കും. പ്രസിഡന്റ് സ്ഥാനത്തേക്കും പാർലമെന്റിലേക്കും ഒന്നിച്ചാണ് വോട്ടെടുപ്പ്. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ആദ്യ റൗണ്ടിൽ ആർക്കും 50 ശതമാനം വോട്ട് ലഭിച്ചില്ലെങ്കിൽ രണ്ടാഴ്ചയ്ക്കുശേഷം രണ്ടാം റൗണ്ട് മത്സരം നടക്കും. ആദ്യ റൗണ്ടിൽ ഒന്നും രണ്ടും സ്ഥാനത്ത് എത്തിയവർ തമ്മിലാകും രണ്ടാം റൗണ്ട് മത്സരം.

കഴിഞ്ഞ 20 വർഷമായി അധികാരത്തിൽ തുടരുന്ന വലതുപക്ഷ യാഥാസ്ഥിതിക ഇസ്ലാമിക സഖ്യത്തിന്റെ നേതാവ് പ്രസിഡന്റ് റെസിപ് തയ്യിപ് എർദോഗനും ആറ് പാർടിയുടെ പ്രതിപക്ഷസഖ്യമായ നാഷൻ അലയൻസ് സ്ഥാനാർഥി കെമാൽ കിലിച്ദാറോ ലുവും തമ്മിലാണ് പ്രധാന മത്സരം. ആദ്യ റൗണ്ടിൽ ആർക്കും 50 ശതമാനം വോട്ട് കിട്ടാൻ സാധ്യതയില്ലാത്തതിനാൽ ഈമാസം 28നു നടക്കുന്ന രണ്ടാം റൗണ്ടിൽ മാത്രമേ തുർക്കിയയെ ഇനി ആര് നയിക്കുമെന്ന് പറയാനാകുകയുള്ളൂ.

അഭിപ്രായ വോട്ടെടുപ്പുകളിൽ എർദോഗൻ അൽപ്പം പിറകിലാണ് എന്നതാണ് ഈ തെരഞ്ഞെടുപ്പിനെ ശ്രദ്ധേയമാക്കുന്നത്. തെരഞ്ഞെടുപ്പിനെ അട്ടിമറി ശ്രമത്തോട് ഉപമിച്ച ആഭ്യന്തരമന്ത്രി സുലൈമൻ സോയ്ലുവിന്റെ വാക്കുകളിൽ പരാജയഭീതി നിഴലിക്കുന്നുണ്ട്. ലോകത്ത് ഇന്ന് ഭരണം നടത്തുന്ന തീവ്രവലതുപക്ഷ പോപ്പുലിസ്റ്റ് ഭരണാധികാരികളിൽ പ്രമുഖനാണ് എർദോഗൻ. അമേരിക്കയിലെ മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്, ബ്രസീലിലെ മുൻ പ്രസിഡന്റ് ജയിർ ബോൾസനാരോ തുടങ്ങി എർദോഗനുമായി താരതമ്യം ചെയ്യാവുന്ന ഭരണാധികാരികൾക്ക് അധികാരം നഷ്ടപ്പെട്ട പശ്ചാത്തലത്തിൽ എർദോഗനും ആ വഴിക്കാണ് നീങ്ങുന്നതെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. എന്നാൽ, ഇസ്ലാമിക ദേശീയത ആളിക്കത്തിച്ച് അധികാരത്തിൽ കടിച്ചുതൂങ്ങാൻ എല്ലാ അടവും എർദോഗൻ പുറത്തെടുക്കും.

എർദോഗന് കാലിടറുകയാണെന്ന വിലയിരുത്തലിന് പ്രധാന കാരണങ്ങളിലൊന്ന് പ്രതിപക്ഷത്തിലുള്ള ഐക്യമാണ്. ആധുനിക തുർക്കിയയുടെ സ്ഥാപകനായി അറിയപ്പെടുന്ന കെമാൽ അറ്റാതുർക്കിന്റെ പാരമ്പര്യം അവകാശപ്പെടുന്ന റിപ്പബ്ലിക്കൻ പീപ്പിൾസ് പാർടി (സിഎച്ച്പി) നേതാവാണ് എർദോഗനെതിരെ മത്സരിക്കുന്ന കെമാൽ കിലിച്ദാറോലു. ‘ടേബിൾ ഓഫ് സിക്സ്’ എന്നറിയപ്പെടുന്ന ആറ് കക്ഷിയുടെ സഖ്യത്തിന് നേതൃത്വം നൽകുന്നത് സിഎച്ച്പിയാണ്. എർദോഗന്റെ ജസ്റ്റീസ് ഡെവലപ്മെന്റ് പാർടി (എകെപി)യിൽനിന്നും ഭിന്നിച്ചുവന്ന രണ്ട് ചെറുകക്ഷികൾ, ദേശീയ വാദികളായ ഗുഡ് പാർടി തുടങ്ങിയ കക്ഷികളാണ് ഈ സഖ്യത്തിലുള്ളത്. അതിനും പുറമെ രാജ്യത്തെ മൂന്നാമത്തെ കക്ഷിയും പുരോഗമനവാദികളുമായ പീപ്പിൾസ് ഡെമോക്രാറ്റിക് പാർടിയും ഇടതുപക്ഷ പാർടികളും കമ്യൂണിസ്റ്റ് പാർടിയും പ്രതിപക്ഷ സഖ്യത്തിന് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പിന്തുണ നൽകുന്നുമുണ്ട്. എന്നാൽ, പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഈ ഐക്യം പൂർണമാണെന്ന് പറയാനാവില്ല. ഇടതുപക്ഷം ഗ്രീൻ ലെഫ്റ്റ് പാർടി ലേബലിലാണ് മത്സരിക്കുന്നത്.

ഇന്ത്യയിലേതുപോലെ പ്രതിപക്ഷ പാർടികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണ് തുർക്കിയയിലുള്ളത്. ഏറ്റവും കൂടുതൽ വേട്ടയാടപ്പെടുന്നത് പുരോഗമന ജനാധിപത്യവാദികളാണ്. 2018ൽ 11.7 ശതമാനം വോട്ടും പാർലമെന്റിൽ 67 സീറ്റും നേടിയ പാർടിയാണ് എച്ച്ഡിപി. കഴിഞ്ഞതവണ എർദോഗനെതിരെ മത്സരിച്ച എച്ച്ഡിപി സ്ഥാനാർഥി ഡെമിത്രാസ് ഉൾപ്പെടെ ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ്. ആ പാർടിയുടെ 40 ശതമാനം പ്രവർത്തകർക്കുനേരെയും കേസെടുത്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട മേയർമാരിൽ ഭൂരിപക്ഷവും പാർടിയുടെ 11 എംപിമാരും ജയിലിൽ കിടക്കുന്നു. ഏറ്റവും കൂടുതൽ പത്രപ്രവർത്തകർ ജയിലിൽ കഴിയുന്ന രാജ്യങ്ങളിലൊന്നാണ് ഇപ്പോൾ തുർക്കിയ. അഭിഭാഷകർ, പൗരപ്രമുഖർ തുടങ്ങി നൂറ്റമ്പതോളംപേരെ അടുത്തിടെയാണ് ജയിലിൽ അടച്ചത്. സർവകലാശാലകളിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കുന്ന വിദ്യാർഥികളെ ഭീകരവാദികളായി മുദ്രകുത്തി വേട്ടയാടുകയാണ്. 2016ലെ അട്ടിമറിശ്രമം കരുവാക്കി നിയമഭേദഗതിയിലൂടെ എല്ലാ അധികാരവും പ്രസിഡന്റിലേക്ക് കേന്ദ്രീകരിച്ചിരിക്കുകയാണ്. പ്രതിപക്ഷം പ്രധാനമായും പ്രചാരണം നടത്തുന്നതും ഈ വിഷയമാണ്. ജനാധിപത്യവും നിയമവാഴ്ചയും പുനഃസ്ഥാപിക്കുമെന്നതാണ് പ്രതിപക്ഷത്തിന്റെ പ്രധാന മുദ്രാവാക്യം.

AIKER
CSREN
MASO

എർദോഗനെതിരെ ജനം തിരിയാനുള്ള മറ്റൊരു കാരണം സാമ്പത്തിക പ്രതിസന്ധി തന്നെ. ഉക്രയ്ൻ, സിറിയൻ യുദ്ധത്തിലുള്ള തുർക്കിയയുടെ പങ്കാളിത്തം സമ്പദ്വ്യവസ്ഥയെ ഉലച്ചു. വൻ വിലക്കയറ്റം ജനജീവിതത്തെ ദുസ്സഹമാക്കി. ഒരു വേള പണപ്പെരുപ്പം 85 ശതമാനംവരെ ഉയർന്നു. തുർക്കിയ കറൻസിയായ ലീറയുടെ മൂല്യം കുത്തനെ ഇടിഞ്ഞു. ഫെബ്രുവരിയിൽ ഉണ്ടായ ഭൂകമ്പം സ്ഥിതി രൂക്ഷമാക്കി. പുനരധിവാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എർദോഗൻ തയ്യാറായില്ലെന്ന വിമർശം ശക്തമാണ്. എർദോഗന്റെ പാർടിക്ക് കഴിഞ്ഞതവണ 67 ശതമാനം വോട്ട് ലഭിച്ച ഈ (അദിയാമൻ) മേഖലയിൽ ഇക്കുറി കനത്ത തിരിച്ചടി ലഭിക്കുമെന്നാണ് മാധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. തെരഞ്ഞെടുപ്പിൽ പരാജയപ്പെടുകയാണെങ്കിൽ അതിനോട് എർദോഗൻ എങ്ങനെയാണ് പ്രതികരിക്കുക എന്നതാണ് പ്രധാന ചോദ്യം. അമേരിക്കയിലും ബ്രസീലിലും ഉണ്ടായ ജനാധിപത്യഹത്യ അങ്കാറയിലും ആവർത്തിക്കുമോ? ഏതായാലും തുർക്കിയ പത്രപ്രവർത്തകൻ ഇസി ടിമികുരാൻ എഴുതിയതുപോലെ തുർക്കിയയിൽ നടക്കുന്നത് സ്വേച്ഛാധിപത്യവും ജനാധിപത്യവും തമ്മിലുള്ള പോരാട്ടമാണ്. ഭയത്തിന്റെ ഇരുണ്ട യുഗത്തിൽനിന്നും പ്രതീക്ഷയുടെ ചക്രവാളത്തിലേക്ക് കുതിക്കാൻ വെമ്പുകയാണ് തുർക്കിയ.